# അക്കാദമിക മാസ്റ്റർ പ്ലാൻ

## തകഴി ദേവസ്വം ബോർഡ് ഹയർസെക്കന്ററി സ്കൂൾ
## തകഴി, തകഴി പി ഒ

# 2025-2026

***തയ്യാറാക്കിയത്***

***വിദ്യാലയ വികസന സമിതി ഡി ബി എച്ച് എസ് എസ് തകഴി***

# അക്കാദമിക മാസ്റ്റർ പ്ലാൻ

## തകഴി ദേവസ്വം ബോർഡ് ഹയർസെക്കന്ററി സ്കൂൾ

## തകഴി, തകഴി പി ഒ

| | |
|---|---|
| *ഉപജില്ല* | *തലവടി* |
| *വിദ്യാഭ്യാസജില്ല* | *കുട്ടനാട്* |
| *ജില്ല* | *ആലപ്പുഴ* |

# 2025–2026

## ഉള്ളടക്കം


ആമുഖം
ലക്ഷ്യങ്ങൾ
ലഘുചരിത്രം
പൊതുവിവരം
കാഴ്ചപ്പാട് - വിദ്യാലയം മികവിന്റെ കേന്ദ്രം
പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
നിലവിലെ അവസ്ഥാവിശകലനം
മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
പദ്ധതി വിശദാംശങ്ങൾ
പ്രതീക്ഷിത നേട്ടങ്ങൾ
മോണിറ്ററിംഗ്

**ഉപസംഹാരം**
അനുബന്ധം
സ്റ്റാഫ് സ്റ്റേറ്റുമെന്റ്
നിലവിലുള്ള കമ്മറ്റികൾ


*തയ്യാറാക്കിയത്*
*വിദ്യാലയ വികസന സമിതി ഡി ബി എച്ച് എസ് എസ് തകഴി*

# ആമുഖം

കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കി വരുന്ന നവകേരള മിഷന്റെ ഭാഗമായിട്ടുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, സ്വതവേ നിർജ്ജീവവും നിസ്സംഗവും നിശ്ചലവുമായിരുന്ന നമ്മുടെ വിദ്യാഭ്യാസ രംഗത്തെ സജീവവും സക്രിയവും ചലനാത്മകവുമാക്കി മാറ്റുന്ന ഉയർപ്പിന്റെ പാതയിലാണ് എത്തിച്ചിട്ടുള്ളത്. കഴിഞ്ഞ കുറേ വർഷങ്ങളായി പൊതുവിദ്യലയങ്ങളിലെ പ്രവേശന നിരക്ക് ക്രമേണ കുറഞ്ഞുവരുന്ന പ്രവണത തിരുത്തി ഈ അക്കാദമിക വർഷത്തിൽ ഒന്നരലക്ഷത്തോളം വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിലേക്ക് ഒഴുകി എത്തിയത് തെളിയിക്കുന്നത് പൊതു വിദ്യാലയങ്ങളുടെ അടിസ്ഥന സൗകര്യങ്ങൾ വികസിപ്പിച്ച് അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിലേക്ക് ഉയർത്തുന്ന വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ കേരളീയ സമൂഹം ഒന്നാകെ നെഞ്ചിലേറ്റിയിരിക്കുന്നു എന്ന പതിറ്റാണ്ടുകളായി കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെ ഗ്രസിച്ചിരുന്ന ആഴമേറിയ പ്രതിസന്ധിക്ക് പരിഹാരം എന്ന നിലയിൽ കേരള സർക്കാർ നടപ്പിലാക്കുന്ന വിദ്യഭ്യാസ സംരക്ഷണ യജ്ഞം സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളേയും ക്ലാസ്സ് മുറികളേയും ഹൈട്ടക്ക് ആക്കി മാറ്റുന്നതിന്റെ ഈറ്റുനോവ് ഏറ്റുവാങ്ങുന്ന ഈ വേളയിൽ തകഴി ദേവസ്വം ബോർഡ് ഹയർസെക്കന്ററി സ്കൂളും ഈ നിശബ്ദ വിപ്ലവത്തിന്റെ ഭാഗമായി സ്കൂളിലെ 11 ക്ലാസ്സ് മുറികളെ ഹൈട്ടക്ക് ആക്കി മാറ്റുന്നതിന് സജ്ജമായി കഴിഞ്ഞു. പുതിയ സ്കൂൾ വർഷത്തിന്റെ ആരംഭത്തിൽ തന്നെ ഈ ക്ലാസ്സ് മുറികൾ ലോകോത്തര നിലവാരത്തിലേക്ക് എത്തിച്ചരും എന്നത് തീർത്തും അഭിമാനകരം തന്നെ.

സാഹിത്യ സാർവ്വ ഭൗമനും ജ്ഞാനപീഠപുരസ്ക്കാര ജേതാവുമായ തകഴി ശിവശങ്കരപ്പിള്ളയുടെ ജന്മംകൊണ്ട് പ്രസിദ്ധമായ തകഴിയിലെ ഏക ഹയർസെക്കന്ററി വിദ്യാലയമാണ് തകഴി ഹയർസെക്കന്ററി സ്ക്കൂൾ. കഴിഞ്ഞ 71 വർഷമായി പ്രവർത്തിക്കുന്ന ഈ സ്കൂളിന്റെ ശിഷ്യ സമ്പത്ത് തലമുറകളായി സമൂഹത്തിന്റെ നാനാതുറകളിൽ പ്രശംസാർഹമായ രീതിയിൽ കർമ്മ നിരതരായി വർത്തിക്കുന്നു. പ്രതിഭാധനരായ നിരവധി വ്യക്തികളെ വാർത്തെടുക്കാൻ ഈ സരസ്വതി ക്ഷേത്രത്തിന് കഴിഞ്ഞിട്ടുണ്ട്.

ഈ വിദ്യാലയത്തിൽ 2025 – 2026 അദ്ധ്യയന വർഷത്തിൽ 9 ഡിവിഷനുകളിലായി 283 കുട്ടികൾ പഠിക്കുന്നു. 6 ഡിവിഷനുകൾ ഇംഗ്ലീഷ് മീഡിയവും 3 ഡിവിഷനുകൾ മലയാളം മീഡിയവുമാണ്. പ്രധാനമായും കുട്ടികൾ എത്തുന്നത് റ്റി എസ് എസ് ജി യു പി എസ് തകഴിയിൽ നിന്നുമാണ് . സമീപമുള്ള അൺ എയ്ഡഡ്, എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും 8–ാം ക്ലാസ്സിൽ കുട്ടികൾ എത്തുന്നതിന് കാരമാകുന്നുണ്ട്. വിദ്യാലയ വികസനത്തിന് സ്കൂൾ മാനേജ്മെന്റ് നന്നായി സഹായിക്കുന്നുണ്ട്. പൂർവ്വ വിദ്യാർത്ഥികൾ സ്കൂൾ സംരക്ഷണ സമിതി നല്ലവരായ രക്ഷിതാക്കൾ എന്നിവരിൽ നിന്നും ലഭിച്ച ധനസഹായവും സമഗ്രവികസനത്തിന് സഹായകമായിട്ടുണ്ട്.ഇനിയും ഇത്തരം സഹായം ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നു.

## *ലക്ഷ്യങ്ങൾ*

1. അക്കാദമിക മികവ് ലക്ഷ്യമാക്കി വിദ്യാലയ അന്തരീക്ഷം ആധുനികവും ആകർഷകവുമായ ഭൗതീക സാഹചര്യങ്ങളോട് കൂടിയതുമാക്കി മാറ്റുക.
2. വിദ്യാഭ്യാസ അവകാശനിയമം നിഷ്കർഷിക്കുന്ന വിധത്തിലും ദേശീയ സംസ്ഥാനതലങ്ങളിലെ പാഠ്യപദ്ധതി വിഭാവന ചെയ്യുന്ന ജ്ഞാന നിർമ്മിതിയിലൂന്നിയതും,ശിശുകേന്ദ്രീകൃതമായതും, പ്രക്രിയാബാദ്ധിതവും പ്രവർത്തന നിരതവുമായ പഠനബോധന പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കൽ.
3. നല്ല ആരോഗ്യ ശുചിത്വ ശീലങ്ങൾ വളർത്തി പൊതുസ്ഥാപനങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടത് തന്റെ കൂടി കടമയാണെന്ന ബോധം കുട്ടികളിൽ വളർത്തിയെടുക്കുന്ന പരിസ്ഥിതി സൗഹൃദ പഠനം സാദ്ധ്യമാക്കുക.
4. വിദ്യാലയങ്ങളിൽ ലഹരി വിമുക്ത പരിപാടികൾ നടപ്പിലാക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ ആരേഗ്യവും സുരക്ഷയും ഉറപ്പാക്കാനും വിദ്യാർത്ഥി കൾക്ക് ആരോഗ്യകരമായഒരു പഠനസാഹചര്യം നൽകാനും സഹായിക്കും.
5. പ്ലാസ്റ്റിക്ക് രഹിത, മാലിന്യമുക്ത ഹരിതവിദ്യാലയമാക്കി മാറ്റാനുള്ള അവബോധം കുട്ടികളിൽ വളർത്തുക.
6. ഇംഗ്ലീഷിലും ഹിന്ദിയിലും അനായാസം ആശയവിനിമയം നടത്താൻ കുട്ടികളെ പ്രാപ്തരാക്കുക.
7. എല്ലാ കുട്ടികളേയും വായനാശീലമുള്ളവരാക്കി മാറ്റുകയും രചനാപരമായ കഴിവുകൾ വളർത്തുകയും ചെയ്യും.
8. കുട്ടികളിൽ ശാസ്ത്രാഭിമുഖ്യവും ശാസ്ത്രീയ വീക്ഷണവും വളർത്തി ശാസ്ത്ര പഠനം മികവുറ്റതാക്കൽ.
9. കുട്ടികളിൽ ലീനമായിട്ടുള്ള ബഹുമുഖ ശേഷികൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കാനും ഭിന്നശേഷിക്കാരെ മുഖ്യധാരയിലെത്തിക്കാനും തക്ക വിധം അനുരൂപീകരണം ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
10. എല്ലാ കുട്ടികളിലും നേതൃത്വശേഷി വളർത്തി എടുക്കാനും സഭാകമ്പരഹിമായി സദസ്സിനെ അഭിമുഖീകരിക്കാൻ തക്ക വിധം സജ്ജമാക്കാൻ കഴിയും വിധം സ്കൂൾ അസംബ്ലിവേദി ആകർഷകമാക്കുക.
11. എന്റെ മരം, അമൃതം, അതിജീവനം, ഔഷധത്തോട്ടം, ശലഭോദ്യാനം, പച്ചക്കറിത്തോട്ടം, നക്ഷത്ര വനം, ജൈവവൈവിധ്യ ഉദ്യാനം എന്നീ പദ്ധതികളിലൂടെ താനും പ്രകൃതിയുടെ ഭാഗമാണെന്നും മണ്ണിനേയും മനുഷ്യനേയും ബന്ധിപ്പിക്കുന്ന കൃഷി സാംസ്ക്കാരിക വളർച്ചയുടെ അടിത്തറയാണെന്ന ബോധവും വളർത്തി വിദ്യാലയത്തെ തന്നെ ഒരു പാഠപുസ്തകമാക്കി മാറ്റുക.
12. ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണക്കാക്കി എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന എല്ലാ ശേഷികളും ധാരണകളും

അറിവുകളും മൂല്യങ്ങളും നൈപുണികളും ആർജ്ജിക്കാൻ പ്രാപ്തരാക്കുക. വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവാധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

13. ഐ സി റ്റി അധിഷ്ഠിത ബോധനം സാദ്ധ്യമാക്കാൻ എല്ലാ അധ്യാപകരേയും ശാക്തീകരിക്കുക.

14. പഠന പ്രക്രിയ ശാസ്ത്രീയവും വൈവിദ്ധ്യമുള്ളതുമാക്കി അധികവായനയ്ക്ക് അവസരം ഒരുക്കി, ദൈനംദന പ്രശ്നങ്ങളുമായോ സമകാലിക സംഭവങ്ങളുമായോ ബന്ധപ്പെടുത്തി ആശയങ്ങൾ ആകർഷകമായി അവതരിപ്പിക്കാൻ അധ്യാപകരെ ശാക്തീകരിക്കുക.

15. 8 മുതൽ 10 വരെയുള്ള കുട്ടികൾ നേരിടുന്ന മാനസീകസംഘർഷങ്ങളും പ്രശ്നങ്ങളും പരിഹിരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പിൻതുണയും നൽകുന്ന കൗൺസിലിംഗ് കുട്ടികൾക്ക് നൽകൽ.

16. മികവുള്ള കുട്ടികൾക്ക് മികവിനനുസരിച്ച് പഠനാനുഭവങ്ങൾ ഒരുക്കുക.

17. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

18. വിദ്യാലയത്തിന്റെ അക്കാദമിക മികവും ഭൗതീകമായ ആവശ്യങ്ങളും നിറവേറ്റുന്നതിനു വേണ്ടി സാമൂഹിക പങ്കാളിത്തവും വിഭവ സമാഹരണവും നടത്താൻ കഴിയുന്ന തരത്തിൽ ജനകീയ പങ്കാളിത്തം വിപുലപ്പെടുത്തൽ.

## *ലഘുചരിത്രം*

തിരുവിതാംകൂർ മഹാരാജാവ് ശ്രീ ചിത്തിര തിരുനാളിന്റെ ചീഫ് സെക്രട്ടറിയായിരുന്ന തകഴി പടഹാരം കാടമ്പുറം പി ആർ വാസുദേവൻ നായർ അവറുകളുടെ ശ്രമഫലമായാണ് ഈ സ്കൂൾ അനുവദിക്കപ്പെട്ടത്. 1950 ൽ 32 വിദ്യാർത്ഥികളുമായി 8-ാം ക്ലാസ്സ് ആരംഭിച്ചു. തകഴി ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന്റെ നെൽപ്പുരയും അതിനോടനുബന്ധിച്ചുള്ള വള്ളപ്പുരയും സ്ഥിതിചെയ്യുന്ന സ്ഥലത്താണ് ഇപ്പോൾ ഈ വിദ്യാലയം നിൽക്കുന്നത്. ക്ഷേത്രത്തിന്റെ 10 മുറികളിലാണ്. വിദ്യാലയത്തിന് തുടക്കം കുറിച്ചത്. ഭൂതനാഥ വിലാസം ഇംഗ്ലീഷ് ഹൈസ്ക്കൂൾ (ബി വി ഇ എച്ച് എസ്) എന്ന നാമകരണം ചെയ്തിരുന്ന സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ ആദരണീയനായ ശങ്കരവാര്യർ അവർകൾ ആയിരുന്നു. ഡിസിപ്ലിൻ ശങ്കരവാര്യർ എന്നാണ്. അദ്ദേഹം അറിയപ്പെട്ടിരുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിർദ്ദേശാനുസരണം ഈ വിദ്യാലയത്തിന്റെ പേര് ദേവസ്വം ബോർഡ് ഹൈസ്ക്കൂൾ എന്നായി മാറി. സ്കൂളിന്റെ പ്രൗഢഗംഭീരമായ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് 2000-ാം ആണ്ടിൽ കേരളസർക്കാർ ഉപഹാരമായി അനുവദിച്ചു തന്ന ഹയർ സെക്കന്ററി സ്കൂൾ ഈ വിദ്യാലയത്തിന്റെ മുഖഛായ തന്നെ മാറ്റി.

ദേവസ്വം ബോർഡ് ഹയർ സെക്കണ്ടറി സ്കൂൾ തകഴിയുടേയും പരിസര പ്രദേശത്തിന്റേയും സാംസ്ക്കാരിക വളർച്ചയിൽ പ്രധാന പങ്ക് വഹിക്കുന്നു. ഈ നാട്ടിലെ മനുഷ്യരുടെ ജീവിതവുമായും അവരുടെ സ്ഥാപനങ്ങളുടെ ഉയർത്തെഴുന്നേൽപ്പുമായും ഈ വിദ്യാലയത്തിന്റെ ചരിത്രം കെട്ടുപിണഞ്ഞു കിടക്കുന്നു. വർത്തമാന കാലത്തിനു കരുത്തു പകരാനും ഭാവിക്ക് ശുഭപ്രതീക്ഷ യേകുന്നതുമായ ചരിത്രപരമായ പിൻബലം ഈ സ്കൂളിന്റെ വളർച്ചയ്ക്ക് താങ്ങും തണലുമാണ്.

പൊതുവിദ്യാലയങ്ങൾ പുത്തനുണർവിലേക്ക് സഞ്ചരിക്കുന്ന ഈ വേളയിൽ തകഴി ഗ്രാമത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു സുവർണ്ണ തിലകമായി നിലകൊള്ളുന്ന തകഴി ഡി ബി എച്ച് എസ് എസ് അതിന്റെ ജൈത്രയാത്ര തുടരുന്നു.

# പൊതുവിവരം

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഡി ബി എച്ച് എസ് എസ് തകഴി |
| വിഭാഗം | : | എയ്ഡഡ് |
| സ്ഥാപിതം | : | 1950 |
| വാർഡ് | : | 13 |
| വില്ലേജ് | : | തകഴി |
| പഞ്ചായത്ത് | : | തകഴി |
| ബ്ലോക്ക് | : | ചമ്പക്കുളം |
| പാർലമെന്റ് നിയോജകമണ്ഡലം | : | മാവേലിക്കര |
| അസംബ്ലി നിയോജകമണ്ഡലം | : | കുട്ടനാട് |
| സി ആർ സി ക്ലസ്റ്റർ സെന്റർ | : | റ്റി എസ് എസ് ജി യു പി എസ് തകഴി |
| വിദ്യാഭ്യാസ ഉപജില്ല | : | തലവടി |
| വിദ്യാഭ്യാസ ജില്ല | : | കുട്ടനാട് |
| റവന്യു ജില്ല | : | ആലപ്പുഴ |
| പ്രവർത്തിക്കുന്ന ക്ലാസ്സുകൾ | : | 8, 9, 10, 11, 12 |
| ഫോൺ | : | 0477-2274370 |
| സ്ക്കൂൾ കോഡ് | : | 46049 |
| ഈ- മെയിൽ | : | sitcthakazhy@gmail.com |
| പ്രിൻസിപ്പാൾ | : | ലീന ജെ |
| ഹെഡ്മാസ്റ്റർ | : | പ്രഭ യു |
| പി റ്റി എ പ്രസിഡന്റ് | : | വിനോദ് ചന്ദ്രൻ |
| സ്റ്റാഫ് സെക്രട്ടറി | : | വി ബിനു |
| എസ് ആർ ജി കൺവീനർ | : | വി രാജശ്രീ |

## വിദ്യലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

ഭാവനാപൂർണ്ണമായ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ വിദ്യാലയത്തെ മികവിലേക്ക് എത്തിക്കാൻ കഴിയുമെങ്കിലും ഇതിൽ ഇനിയും നാം ബഹുദൂരം പോകേണ്ടതുണ്ട്. അതിനായി ആസൂത്രണം ചെയ്യുന്ന പദ്ധതികൾ.

1. തനതു പ്രവർത്തനം അക്ഷരകളരി – അക്ഷരം അറിയാത്തവർക്കായി അദ്ധ്യാപകർ വൈകുന്നേരം 4 നും 5 നും ഇടയിൽ പ്രത്യേക ക്ലാസ്സ്.
2. പത്രം – എല്ലാ ക്ലാസ്സുകളിലും ഇംഗ്ലീഷ് ദിനപത്രങ്ങൾ ലഭ്യമാക്കാൻ സ്പോൺസർമാരെ കണ്ടെത്തൽ.
3. ലൈബ്രറി പാഠം – ജന്മദിനത്തിനൊരു പുസ്തക പദ്ധതി – എക്സ്ട്രാ വർക്കിനു ക്ലാസ്സിൽ പോകുന്ന ടീച്ചർ ലൈബ്രറിയിൽ കുട്ടികളെ എത്തിച്ച് പുസ്തകം വിതരണം ചെയ്യുകയും നിശ്ചിത സമയ വായനയ്ക്ക് ശേഷം വായനാ കുറിപ്പ് എഴുതിക്കൽ. റീഡർ ഓഫ് ദി മൻത് തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുക.
4. ലാബ് നവീകരിക്കൽ – സൗകര്യങ്ങൾ കൂടുതൽ സജ്ജമാക്കുകയും പരീക്ഷണങ്ങൾ നടത്താൻ വേണ്ട രാസവസ്തുക്കളും മറ്റും ലഭ്യമാക്കുകയും നിരീക്ഷണം പ്രോത്സാഹിപ്പിക്കുകയും ചെയ്യൽ.
5. ഹൈടെക്ക് ക്ലാസ്സ് മുറികൾ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക്കാണ്. വിജ്ഞാന ശ്രോതസ്സിന്റെ അനന്തമായ ശേകരം കരഗതമാകുകയും അധ്യാപകരും ശാക്തീക രിക്കപ്പെടുകയും സമഗ്രവിഭവ പോർട്ടൽ വഴി സമഗ്രാസൂത്രണവും സൂക്ഷ്മതല ആസൂത്രണവും അനായാസമാകുകയും ക്ലാസ്സ് മുറികൾ ഡിജിറ്റലാകുകയും ചെയ്തു. AI സാധ്യതകൾ കുട്ടികളിലേക്ക് എത്തിക്കേണ്ടതുണ്ട്.
6. ശലഭോദ്യാനം, തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കൽ
7. കലാപരിശീലനം – കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ തക്കവിധം പ്രാദേശിക വിഭവ പടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമാക്കുന്ന പ്രതിഭകളുടെ സേവനവും സഹായവും പ്രയോജനപ്പെടുത്തി ഒളിഞ്ഞിരിക്കുന്ന പ്രതിഭകളെ കണ്ടെത്താം.
8. കായിക പരിശീലനം – ഫുട്ബാൾ, ക്രിക്കറ്റ് തുടങ്ങിയ ഇനങ്ങളിൽ വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പരിശീലനം നൽകാം.
9. ദിനാചരണങ്ങൾ – ക്ലബ്ബുകൾ ശാക്തീകരിച്ചു പ്രവർത്തനം കാര്യക്ഷമമാക്കാനും ദിനാചരണങ്ങളുടെ ഭാഗമായി ക്വിസ് മത്സരം , രചനാ മത്സരം റാലികൾ എന്നിവ സംഘടിപ്പിക്കാം മികച്ച സൃഷ്ടികൾക്കു സമ്മാനങ്ങൾ നൽകാം.
   ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി രക്ഷിതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് അവർക്കും ചുമതലകൾ നൽകാം.

10. സ്ക്കൗട്ട് ആൻഡ് ഗൈഡ്സ് , ലിറ്റിൽ കൈറ്റ്സ് , ജൂനിയർ റെഡ് ക്രോസ് എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ.

11. കൗൺസിലിംഗ് – ഭിന്നശേഷിക്കാരായ കുട്ടികൾക്കും പ്രശ്നക്കാരും പ്രത്യേക സ്വഭാവക്കാരുമായ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും പ്രത്യേക കൗൺസിലിംഗ് നൽകിവരുന്നു. (സ്പർശ്)

12. കാർഷിക പാഠം – സീഡ് ക്ലബ്ബ് പ്രവർത്തനം കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ വൃക്ഷത്തൈ നടീൽ ജൈവ പച്ചക്കറി കൃഷിയും പരിപാലനവും കൃഷിവകുപ്പിന്റെ സഹായത്തോടെ നടത്തിവരുന്നു.

13. പരിസ്ഥിതി സൗഹൃദ വിദ്യാലയം –ക്ലാസ്മുറിക്ക് പുറത്ത് പഠന അന്തരീക്ഷം ഒരുക്കി പരിസ്ഥിതി സൗഹൃദ പഠനവും വിദ്യാലയ പരിസരവും വീടും ശുചിയാക്കി പ്രകൃതി സ്നേഹം വളർത്തുവാനും കഴിയുന്നു.

14. ഗണിതം മധുരം പദ്ധതി – ഗണിതക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടക്കുന്നു ഒറിഗാമി പരിശീലനവും ഗണിതക്ലബ്ബ് നടത്തുന്നു.

15. ഹിന്ദി അക്ഷരം ഉറപ്പാക്കൽ – വൈകുന്നേരം 4 നും 5 നും ഇടയിൽ ഹിന്ദി അദ്ധ്യാപകർ ക്ലാസ്സെടുക്കുന്നു.

16. ദൃശ്യാവിഷ്ക്കാരം – വിവിധ ക്ലബ്ബുകൾ നടത്തുന്ന പ്രവർത്തനങ്ങൾ ഡോക്കുമെന്റ് ചെയ്യുന്നു.

17. പരാതിപ്പെട്ടി സ്ഥാപിക്കൽ – കുട്ടികൾക്ക് പരാതികൾ സ്കൂൾ അധികൃതരെ അറിയിക്കുന്നതിനുവേണ്ടി

18. സ്കൂൾ ജാഗ്രത സമിതി – പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ

19. ഭോജനപ്പുര: കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിർമ്മിച്ചു. പാചകപ്പുര അറ്റകുറ്റപ്പണി നടത്തി കാര്യക്ഷമമാക്കി.

20. ഭവന സന്ദർശനം – പി റ്റി എ യുടെ സഹകരണത്തോടെ അധ്യാപകർ കുട്ടികളുടെ വീട് സന്ദർശിച്ച് പ്രശ്നങ്ങൾ മനസ്സിലാക്കി ആവശ്യമായ ഉപദേശങ്ങൾ നൽകാനും പഠന പുരോഗതി വിലയിരുത്തി രക്ഷിതാക്കൾക്ക് വേണ്ട ഉപദേശങ്ങൾ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

1. 22.05.2025 ൽ ചേർന്ന എസ് ആർ ജി മീറ്റിംങ്ങിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രാരംഭ ചർച്ച നടന്നു.
2. വിവിധ വിഷയ അടിസ്ഥാനത്തിൽ ഭൗതീകവും അക്കാദമികവുമായ വികസന ആവശ്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി.
3. പി റ്റി എ, എസ് എം സി , ജനപ്രതിനിധികൾ പൂർവ്വ അദ്ധ്യാപകർ മറ്റുവിദഗ്ദ്ധർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ മാസ്റ്റർ പ്ലാനിന്റെ കരട് രേഖ തയ്യാറാക്കി.
4. സ്കൂളിന്റെ ഭൗതീകവും അക്കാദമികവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ ക്രോഡീകരിക്കപ്പെട്ടു.

## നിലവിലെ അവസ്ഥാവിശകലനം

### ഭൗതീകം - നേട്ടങ്ങൾ

സ്കൂൾമനേജ്മെന്റ് , പി റ്റി എ, അദ്ധ്യാപകർ എന്നിവരുടെ കൂട്ടായ്മയിലൂടെ 9 ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കാൻ വേണ്ട ഭൗതീക സാഹചര്യം ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്. വേണ്ടുവോളം ക്ലാസ്സ് മുറികളും ഫർണ്ണീച്ചറുകളും ലഭ്യമാണ്. താഴ്ന്ന പ്രദേശമായതിനാൽ സ്കൂളിന്റെ മുൻവശം ഇന്റർലോക്ക് ചെയ്ത് ഉയർത്തിയിട്ടുണ്ട്.

### ഭൗതീകം - പരിമിതികൾ

- കായിക പരിശീലനം നടത്തുന്നതിനുള്ള മതിയായ സാമഗ്രികളും ഉപകരണങ്ങളും ലഭ്യമല്ല.
- ശുചിമുറികളിൽ യഥേഷ്ടം ജലലഭ്യത ഉറപ്പാക്കാൻ ആയിട്ടില്ല.
- അഡാപ്റ്റഡ് ടോയ്ലറ്റ് നിർമ്മിച്ചിട്ടില്ല
- ഭിന്നശേഷിക്കാർക്ക് വേണ്ടി പറനപ്രവർത്തനങ്ങളൊരുക്കാൻ വേണ്ട റിസോഴ്സ് റൂം ഇല്ല.
- ക്ലാസ്സ് ഗ്രന്ഥശാലക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.
- സ്ത്രീസൗഹൃദ ശുചിമുറികൾ വേണ്ടത്രയില്ല.
- മേൽക്കൂരയോട് കൂടിയുള്ള അസംബ്ലിഹാൾ ഇല്ല.
- ലാബ് സൗകര്യം പരിമിതമാണ്.

## *അക്കാദമികം - നേട്ടങ്ങൾ*

## മോഡ്യൂൾ

കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് പഠനത്തിൽ മുന്നേറാൻ പ്രപ്തരാക്കുന്ന സമഗ്രഗുണമോന്മാ വിദ്യാഭ്യാസ പദ്ധതി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവധ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചു. സമഗ്ര ഗുണമേന്മാ വർഷമായി 2025-2026 അദ്ധ്യയന വർഷത്തെ പരിഗണിക്കും. ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അതത് ക്ലാസിൽ വച്ചുതന്നെ നേടി എന്ന് ഉറപ്പാക്കുക എന്നത് സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമാണ്.കുട്ടികൾ ആദ്യഘട്ടത്തിൽ അറിയേണ്ട പൊതുകാര്യങ്ങൾ സ്ക്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ തന്നെ കുട്ടികളിൽ എത്തിക്കേണ്ടതുണ്ട്. അവയ്ക്കെല്ലാം ഒരു ആമുഖം എന്ന നിലയിലാണ് സ്ക്കൂൾ പ്രവർത്തനാരംഭത്തിൽഇവ അവതരിപ്പിക്കുക. ഒപ്പം തന്നെ രണ്ടാഴ്ച കാലത്തേയ്ക്ക് ദിവസവും ഓരോ മണിക്കൂർ വിവിധ വിഷയങ്ങളിൽ പൗര ബോധം സൃഷ്ടിക്കുന്ന ക്ലാസുകളും ഉണ്ടായിരിക്കും വിദ്യാർത്ഥികളുടെ സുരക്ഷിത യാത്രാ സൗകര്യം, പരിസര ശുചിത്വം, ഇച്ചഭക്ഷണ പദ്ധതി ആസൂത്രണം, പ്രവേശനോത്സവം, സ്ക്കൂൾ പരിസരസുരക്ഷ എന്നിവ നടപ്പിലാക്കാനുള്ള തീരുമാനം എടുക്കുകയും അതിനു വേണ്ട ഒരുക്കങ്ങൾ നടത്തിവരുന്നു.

ഓരോ ദിവസത്തേയും തീം താഴെപ്പറയുന്ന പ്രകാരമാണ്.

03.06.2025 - പൊതുകാര്യങ്ങൾ മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണ ക്ലാസ്സ്.

04.06.2025 - റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

05.06.2025 - വ്യക്തി ശുടിത്വം, പരിസര ശുചിത്വം, ഹരിതക്യാമ്പസ്സ്, സ്ക്കൂൾ സൗന്ദര്യവത്കരണം.

09.06.2025 - ആരോഗ്യം വ്യായാമം,കായികക്ഷമത, എന്നിവയെകുറിച്ചുള്ള ക്ലാസ്സ്.

10.06.2025 - ഡിജിറ്റൽ അച്ചടക്കം.

11.06.205 - പൊതുമുതൽ സംരക്ഷണം.

12.06.2025 - പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിങ്ങ്, വൈകാരിക നിയന്ത്രണമില്ലായ്മ.

13.06.2025 - പൊതു ക്രോഡീകരണം.

വളരെ പിന്നോക്കം നിൽക്കുന്ന കർഷകത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും വരുന്നവരാണ് ബഹുഭൂരിപക്ഷം കുട്ടികളെങ്കിലും കഴിഞ്ഞ 5 വർഷങ്ങളായി എസ് എസ് എൽ സി പരീക്ഷയിൽ തുടർച്ചയായി 100% വിജയവും ഫുൾ A+കിട്ടുന്നവരുടെ എണ്ണം കൂടി വരുകയും ചെയ്തു. കുട്ടികളുടെ പഠന പുരോഗതി ഉറപ്പാക്കാൻ ഭവന സന്ദർശനം നടത്തി പഠന പ്രവർത്തനങ്ങൾ വിലയിരുത്തുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ കഴിഞ്ഞ പി റ്റി എയിൽ ആവിഷ്ക്കരിച്ചുട്ടുണ്ട്.

വൈകുന്നേരങ്ങളിൽ കുട്ടികളുടെ പഠനവേളയിൽ ഓരോ ക്ലാസ്സ് ടീച്ചറും ദിവസേന 3 കുട്ടികളെ ഫോണിൽ വിളിക്കുവാനും പഠനപുരോഗതി വിലയിരുത്തുവാനും അവരുടെ പ്രശ്നങ്ങൾ രക്ഷിതാക്കളുമായും കുട്ടികളുമായും ചർച്ച നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും അപ്രകാരം ഒരുവർഷക്കാലയളവിൽ 3 തവണയെങ്കിലും ഒരു കുട്ടിയുമായി ഇത്തരത്തിൽ പഠനവിഷയങ്ങൾ ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. വിദഗ്ദ്ധരുടെ പാനൽ രൂപീകരിച്ച് മോട്ടിവേഷൻ ക്ലാസ്സുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആഴ്ചയിലൊരിക്കൽ ടെസ്റ്റ് പേപ്പർ നടത്തി മൂല്യ നിർണ്ണയവും അവലോകനവും നടത്തണമെന്ന് പി റ്റി എ തീരുമാനിച്ചിട്ടുണ്ട്.

പത്താം ക്ലാസിലെ 5 കുട്ടികളെ വീതം ഓരെ അധ്യാപകർക്കും നൽകുവാനും അവരുടെ പഠനപുരോഗതി വിലയിരുത്തുവാനും വേണ്ട പഠനപിന്തുണനൽകുവാനും തീരുമാനിച്ചു.

**ഗിഫ്റ്റഡ് ചിൽഡ്രൻ**

പ്രതിഭാധനരായ കുട്ടികളുടെ സവിശേഷതകൾ തിരിച്ചറിയുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള വിദ്യാർത്ഥികളുടെ അതുല്യമായ കഴിവുകളും താൽപര്യങ്ങളും വളർത്തിയെടുക്കുന്ന ഒരു അന്തരീക്ഷം കെട്ടിപ്പടുക്കുന്നത് അവരുടെ പൂർണ്ണശേഷിയിൽ എത്തിച്ചേരാൻ സഹായിക്കുന്നു. അവരുടെ അസാധാരണ ഗുണങ്ങൾ സ്വീകരിക്കുകയും അവരുടെ വേഗതക്കനുസരിച്ച് അവരുടെ വികസനത്തെ പിന്തുണക്കുന്നതിന് പരിശ്രമിക്കുകയും ചെയ്യേണ്ടത് മാതാപിതാക്കളുടേയും അധ്യാപകരുടേയും ഉത്തരവാദിത്വമാണ്.

നമ്മുടെ സ്ക്കൂളിലെ 8 എ യിലെ അനഘ ജിമ്മി പ്രതിഭാധനയായ കുട്ടിയാണ്.ഈ കുട്ടിക്ക് പ്രത്യേക ക്ലാസുകൾ കൊടുക്കുകയും വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. അനഘയ്ക്ക് വേണ്ട എല്ലാ പിന്തുണയും അധ്യാപകർ നൽകുന്നു.

**പ്രത്യാക പരിഗണന അർക്കുന്ന കുട്ടികൾ**

പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സഹതാപമല്ല സമൂഹത്തിന്റെ അംഗീകാരമാണ് ആവശ്യം. മറ്റുള്ളവരെപ്പോലെ എല്ലാ അവകാശങ്ങളും അനുഭവിക്കാൻ അർഹരാണ് ഭിന്നശേഷിയുള്ള കുട്ടികളും. വീടുകളിൽഇത്തരം കുട്ടികൾക്ക് പ്രത്യേക വാത്സല്യംവും ശ്രദ്ധയും നൽകി വളർത്തിക്കൊണ്ടുവരാൻ

കഴിയണം. ഇത്തരം കുട്ടികളെ അംഗീകരിക്കുന്ന ഒരു മനസ്സ് രൂപപ്പെടുത്തി എടുക്കുന്നതിൽ സർക്കാരകളുടേയും സന്നദ്ധ സംഘടനകളുടേയും ഇടപെടലുകൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിക്കാരെ മുഖ്യധാരയിൽകൊണ്ടുവരുന്നതിന് എല്ലാ ഡിസംബർ 3 ലോകഭിന്നശേഷിദിനമായി ആചരിക്കുന്നു.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്ക്കൂളിൽ പ്രത്യേക പരിഗണന നൽകി മറ്റുകുട്ടികളോടൊപ്പം തന്നെ എല്ലാ പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തുന്നു. ഇങ്ങനെയുള്ള കുട്ടികളുടെ ഭവന സന്ദർശനം നടത്തുന്നു. അവർ എല്ലാ ദിവസവും സ്ക്കൂളിൽ എത്തുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.ഞങ്ങളുടെ സ്ക്കൂളിൽഭിന്നശേഷിക്കാരായ 2 കുട്ടികളുണ്ട്. ഒരാൾ M R ഉം, അടുത്തയാൾ Low Vision ഉം ആണ്. SRG കൂടി ഈ കുട്ടികളെ കുറിച്ചുള്ള എല്ലാ വിവരങ്ങളും മറ്റ് അധ്യാപകരുമായി പങ്കുവെയ്ക്കുകയും ചെയ്തു. അവരെ ക്ലാസ്റൂമിൽ മുന്നിൽ കൊണ്ടുവന്നിരുത്തി, അവരുടെ മനോനിലഅനുസരിച്ചുള്ള പ്രവർത്തനങ്ങൾനൽകുന്നു. ഈ കുട്ടികൾക്ക് B R C യിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നു. ആഴ്ചയിൽ രണ്ടു ദിവസം BRC യിൽ നിന്നുള്ള ടീച്ചർ വന്ന് ക്ലാസ് എടുക്കുന്നുണ്ട്.

ഭിന്നശേഷികുട്ടികൾക്ക്ഓരോ അധ്യാപകനും എന്തെല്ലാം Activities കൊടുത്തുവെന്ന് SRG യിൽ ചർച്ച ചെയ്യുകയും , HM നെ അറിയിക്കുകയും ചെയ്തു.

**ലൈബ്രറി പാഠം**

പഠിത്തത്തിനൊപ്പം വായനയും വളർത്തുക എന്നതാണ് വായനശാലകളുടെ ലക്ഷ്യം. 8 മുതൽ 10 വരെയുള്ള ക്ലാസുകളിലാണ് കഥകളും, കവിതകളും, നിരൂപണങ്ങളും, യാത്രാവിവരണങ്ങളും ഉൾപ്പടെയുള്ള പുസ്തകങ്ങൾ ക്രമീകരിച്ച് ലൈബ്രറി ഒരുക്കിയിരിക്കുന്നത്.ഓരോ ക്ലാസിനും പ്രത്യേക Library Register (Class Wise) സൂക്ഷിക്കുന്നുണ്ട്. ഓരോകുട്ടിക്കും അവരവരുടെ അഭിരുചിക്ക് അനുസരിച്ചുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കാനുള്ള അവസരങ്ങൾഒരുക്കുന്നു. വായിച്ച പുസ്തകങ്ങൾ പരസ്പരം കൈമാറുകയും, ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. എല്ലാ മാസവും ഏറ്റവും നല്ല ആസ്വാദനക്കുറിപ്പ് തയ്യാറാക്കിയ കുട്ടിയെ Reader of The Month ആയി തെരഞ്ഞെടുക്കുകയും ആസ്വാദനക്കുറിപ്പ് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുകയും

ചെയ്യുന്നു. അധ്യാപകർക്കിടയിൽ വായനാശീലം വളർത്തുന്നതിനായി കഥാ കവിതാ രചന മത്സരങ്ങൾ നടത്തുകയും അതിൽ മേന്മകാട്ടുന്ന അധ്യാപകനോ അധ്യാപികയ്ക്കോ  പ്രത്യേക സമ്മാനം നൽകുന്നു. എല്ലാ മാസവും കുട്ടികൾവഴി അമ്മമാർക്ക് ക്ലാസ് പി റ്റി എ യിലൂടെ തിരിച്ചറിഞ്ഞ അവരുടെ അഭിരുചിക്കനുസരിച്ച്പുസ്തകങ്ങൾ കുട്ടികൾവശം നൽകുകയും അവരിൽനിന്നും അതാത് പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പും പുസ്തകവും കുട്ടികൾ വശം തന്നെ തിരികെ വാങ്ങുകയും അതിൽ നിന്നും മികച്ച രചനയ്ക്ക് സമ്മാനം നൽകുകയും ചെയ്യുന്നു.

## അക്കാദമിക പരിമിതികൾ

വിവിധ മത്സരപരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. അടിസ്ഥാന ഭാഷാശേഷി, ഗണിതശേഷികൾ, നൈപുണികൾ എന്നിവ ആർജ്ജിക്കാൻ കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല, വായനമൂല എന്നവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. പ്രവർത്തി പരിചയം, കലാകായിക മേഖല എന്നിവയിൽ കൂടുതൽ പരിശീലനം ആവശ്യമാണ്. പഠന പുരോഗതിയുടെ നിശ്ചിത ഘട്ടത്തിലെത്തുന്ന കുട്ടി നേടേണ്ട ശേഷികളും, നൈപുണികളും, ധാരണകളും എല്ലാ കുട്ടികൾക്കും നേടാൻ കഴിയുന്നില്ല. വ്യത്യസ്ഥ പഠനവേഗം പുലർത്തുന്നവർക്ക് വേണ്ടത്ര പരിഗണനയും, വഴക്കവും, അനുരൂപീകരണവും നൽകി ബോധന പ്രക്രിയയിൽ ആവശ്യമായ മാറ്റം വരുത്താൻ അദ്ധ്യാപകർ ഇനിയും ശാക്തീകരിക്കപ്പെടേണ്ടതുണ്ട്.

ലഹരിക്കെതിരായ ബോധവത്കരണവും അനുബന്ധപരിപാടികളായി ചർച്ചകൾ, സെമിനാറുകൾ, റാലികൾ, പോസ്റ്റർ രചന, കാർട്ടൂൺ രചന എന്നിവ സംഘടിപ്പിക്കണം.

## നിലവിലുള്ള അവസ്ഥ

കഴിഞ്ഞ 5 വർഷത്തെ സ്ക്കൂൾ പ്രവേശന കണക്കാണ് താഴെ കാണിക്കുന്നത്.

| | VII | IX | X | Total |
|---|---|---|---|---|
| 2021-2022 | | | | |
| 2022-2023 | 123 | 116 | 119 | |
| 2023-2024 | 107 | 123 | 118 | |
| 2024-2025 | 91 | 101 | 120 | |
| 2025-2026 | | | | |

**ലഭ്യമായ ഭൗതിക സൗകര്യങ്ങൾ**

| *വിഭാഗം* | *നിലവിലുള്ളത്* | *ആവശ്യമുള്ളത്* |
|---|---|---|
| ക്ലാസ്മുറി | 13 | |
| പ്രധാന അധ്യാപകന്റെ മുറി | ശരാശരി | നവീനസൗകര്യമൊരുക്കി പ്രത്യേക മുറി വേണം |
| ഓഫീസ് | ശരാശരി | പ്രത്യേകമാക്കണം |
| അടുക്കള | ഉണ്ട് | കൂടുതൽ സൗകര്യമൊരുക്കണം |
| കുടിവെള്ളം | ടാപ്പ്, കിണർ | വാട്ടർപ്യൂരിഫയർ വേണം |
| കളിസ്ഥലം | ഉണ്ട് | ടെന്നിസ് കോർട്ട് ഒരുക്കണം |
| റാമ്പ്, റെയിൽ സൗകര്യം | ഉണ്ട് | നവീകരിക്കണം |
| CWSN വിഭാഗത്തിന് Attached bathroom | ഇല്ല | ഉണ്ടാക്കണം |
| Toilet boys | 2 | 4 |
| Toilet girls | 12 | 4 |
| Latrine boys | 2 | 4 |
| Latrine girls | 4 | 2 |
| ചുറ്റുമതിൽ | ഉണ്ട് | ചിത്രങ്ങൾ കൊണ്ട് ആകർഷകമാക്കണം |
| മുറ്റം | ഉണ്ട് | വൃത്തിയായി സൂക്ഷിക്കണം |
| സൈക്കിൾ ഷെഡ് | ഉണ്ട് | |
| ലബോറട്ടറി | ഉണ്ട് | നവീകരിക്കണം |

**മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ – ഭൗതികം**

നവീകരിച്ച അടുക്കള

ഭോജനപ്പുര

അസംബ്ലീഹാൾ

ശുദ്ധജല ലഭ്യത

മാലിന്യ സംസ്ക്കരണം

ഭാഷോത്സവം

ഗണിതോത്സവം

ജന്മദിനത്തിനൊരു പുസ്തകം

റോഡിയോ സൗണ്ട്, മാക്സിമം മിനിമം തെർമോമീറ്റർ, ഹൈഗ്രോമീറ്റർ, വിന്റ് വെയ്ൻ, മഴമാപിനി, കപ്പ് അനിമോമീറ്റർ, സ്റ്റീരിയോസ്ക്കോപ്പ് എന്നിവയുടെ സോഷ്യൽ സയൻസ് ലബോറട്ടറി സജ്ജമാക്കണം.

ടോയ്‌ലറ്റ് സമുച്ചയം

ഗണിത ലാബ്

***അക്കാദമികം***

ലബോറട്ടറി നവീകരണം
ലൈബ്രറി ശാക്തീകരണം
പ്രതിഭാപോഷണം
സയൻസ് കോർണർ
നാടകകളരി
സാഹിത്യപോഷണ പരിപാടി
ഇംഗ്ലീഷ് ഫെസ്റ്റ്
ഇംഗ്ലീഷ് പഠന പരിപോഷണം
സെമിനാറുകൾ
സിംപോസിയങ്ങൾ
സ്കൂൾ മാസിക
രചനാശില്പശാല
ഗണിത ശില്പശാല
മെഡിക്കൽക്യാമ്പ്
കൗൺസലിംഗ്
ദിനാചരണങ്ങൾ
ഒറിഗാമി പരിശീലനം
ജന്മദിനത്തിനൊരു പുസ്തകം
ഭാഷാശേഷി വികസനം
ഹിന്ദി കമ്പ്യൂട്ടിംഗ്
എന്റെ ഹിന്ദി ബുക്ക്
പച്ചക്കറിത്തോട്ടം
ഔഷധസസ്യത്തോട്ടം, വർക്ക്ഷീറ്റ് നിർമ്മാണം
പാദമുദ്ര

***സാമൂഹികം***

പി റ്റി എ ശാക്തീകരണം
എസ് എം ഡി സി കാര്യക്ഷമമാക്കൽ
പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തമാക്കണം.
പൂർവ്വാദ്ധ്യാപകരുടെ സേവനം ഉറപ്പാക്കണം
ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ, വ്യാപാരി വ്യവസായി സംഘടനകൾ , സഹകരണ സ്ഥാപനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, വിവിധ രംഗങ്ങളിലെ വിദഗ്ധരുടെ സേവനം എന്നിവ സ്ക്കൂളിനുവേണ്ടി സമാഹരിക്കൽ.
കോർണർ പി റ്റി എ കൾ, റിസോഴ്സ് മാപ്പിംഗ്
പ്രദേശത്ത് ലഭ്യമാകുന്നപ്രതിഭകളുടെ സേവനവും സഹായവും വിദ്യാലയത്തിന് പ്രയോജനപ്പെടുത്തൽ
ഭവന സന്ദർശനം
വിദ്യാലയം സമൂഹത്തിനുവേണ്ടി പ്രയോജനപ്പെടുത്തൽ
കളിസ്ഥലം ലഭ്യമാക്കൽ
ഐ റ്റി ക്ലബ്ബ് അവധി ദിവസം പരിശീലനത്തിന് വിട്ടുകൊടുക്കൽ
വിദ്യാലയ വിഭവങ്ങൾ പൊതു സമൂഹവുമായിപങ്കിടൽ

## *പ്രതീക്ഷിത നേട്ടങ്ങൾ*

- വിദ്യാർത്ഥി സൗഹൃദ അന്തരീക്ഷത്തിൽ മികച്ച പഠന അന്തരീക്ഷം ഒരുക്കുന്നു
- സമൂഹത്തെ സ്കൂളുമായി അടുപ്പിക്കൽ
- വിദ്യാർത്ഥി പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- പഠനപുരോഗതിയുടെ നിശ്ചിത ഘട്ടമെത്തുമ്പോൾ കുട്ടി ആർജ്ജിക്കേണ്ട പഠനനേട്ടം കൈവരിക്കുന്നു എന്ന് ഉറപ്പാക്കുന്നു
- സർഗ്ഗവാസനകളെ പരിപോഷിപ്പിക്കാൻ ടാലന്റ് ലാബ് യാഥാർത്ഥ്യമാക്കുന്നു.
- മണ്ണിനോട് മനുഷ്യനെ അടുപ്പിക്കാൻ തക്ക വിധം ജൈവ വൈവിദ്ധ്യ ഉദ്യാനം യാഥാർത്ഥ്യമാക്കുന്നു.
- വിദ്യാലയവുമായി അകന്നുനിൽക്കുന്ന രക്ഷിതാക്കളെ കൂടി സ്കൂളിലെത്തിച്ച് സ്കൂളും സമൂഹവും തമ്മിലുള്ള ഇഴയടുപ്പം കൂടുതൽ ആഴത്തിലുള്ളതാക്കാൻ പി റ്റി എ കമ്മറ്റി കർമ്മ പരിപാടി ആവിഷ്ക്കരിക്കുന്നു.

## മോണിറ്ററിംഗ്

ഓരോ വർഷവും പദ്ധതികാലയളവിലും നടപ്പാക്കേണ്ട പദ്ധതികൾക്ക് വേണ്ടിവരുന്ന ചെലവ് കണക്കാക്കി അതത് പി റ്റി എ കൾ വിഭവ സമാഹരണത്തിലൂടെ നിർവ്വഹണം നടത്തണം. പ്രവർത്തന പുരോഗതി ഓരോ മാസവും സ്കൂൾ വികസന സമിതി വിലയിരുത്തണം. പഞ്ചായത്തുതലത്തിൽ ഓരോ മാസവും ആദ്യ ആഴ്ചയിൽ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ അവലോകനം നടത്തി ആവശ്യമായ മാറ്റങ്ങൾ നടത്തണം. പി റ്റി എ കമ്മറ്റി മാസത്തിലൊരിക്കൽ ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തണം.

## സ്റ്റാഫ് സ്റ്റേറ്റുമെന്റ്

| | |
|---|---|
| യു പ്രഭ | എച്ച് എം |
| സവിത ആർ | എച്ച് എസ് എ |
| ജ്യോതിസ് ആർ നായർ | എച്ച് എസ് എ |
| വീണ | എച്ച് എസ് എ |
| ദീപ ആർ | എച്ച് എസ് എ |
| ബിനു വി | എച്ച് എസ് എ |
| രാജശ്രീ വി | എച്ച് എസ് എ |
| വേണു എൻ ആർ | എച്ച് എസ് എ |
| ശ്രീകലാകുമാരി ആർ | എച്ച് എസ് എ |
| മായ എ ആർ | എച്ച് എസ് എ |
| ബിന്ദു കെ എം | എച്ച് എസ് എ |
| ആതിര | എച്ച് എസ് എ |
| അമ്പിളി ആർ, | എച്ച് എസ് എ |
| പി സാബു | ക്ലാർക്ക് |
| രജീഷ് | ഒ എ |
| ഹൃഷികേശ് ബാബു | ഒ എ |
| കൃഷ്ണശർമ്മ | എഫ് റ്റി എം |

## നിലവിലുള്ള കമ്മറ്റികൾ

പി റ്റി എ
എം പി റ്റി എ
എസ് എം സി
വിദ്യാലയ സംരക്ഷണ സമിതി

## പദ്ധതി വിശദാംശങ്ങൾ

## വിഷയബന്ധിതമായ പ്രശ്നങ്ങളും പരിഹാരങ്ങളും

| | |
|---|---|
| ലക്ഷ്യങ്ങൾ | മലയാളം - ഉച്ചാരണ ശുദ്ധിയും വ്യാകരണ ശുദ്ധിയും മികവുപുലർത്തി എഴുതുവാനും വായിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക. സാഹിത്യ അഭിരുചി വളർത്തുക. സർഗ്ഗോത്സവം, ദിനാചരണം, വിദ്യാരംഗം |
| | കണക്ക് - ഗണിതം മധുരമാക്കാൻ വിവിധ ശേഷികളുടെ വികസനം ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ, രസകരമായ ഗണിതശാസ്ത്ര പഠനവും ഗണിതശേഷികളുടെ വികസനവും ഗണിതശാസ്തര് പ്രവർത്തനം കൂടിയാണെന്ന് മനസ്സിലാക്കുക. കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്താനും വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന പ്രവർത്തനങ്ങൾ നടത്തുക. ഗണിത ക്ലബ്ബ്, ഗണിതലാബ്, ഗണിത ലൈബ്രറിയുടെ സ്ഥാപിക്കൽ CWSN കുട്ടികൾക്ക് ഗണിതപഠനത്തിൽ താല്പര്യമുണ്ടാക്കുക, അടിസ്ഥാന ക്രിയകളിൽ സവിശേഷമായ സഹായമുള്ള കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കുക. ഗണിതാശയങ്ങൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കുവാൻ പ്രാപ്തരാകുക, ഗണിതം മധുരമാക്കൽ. |
| | ശാസ്ത്രം - ശാസ്ത്ര വിഷയങ്ങളിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ കണ്ടെത്തുക ശാസ്ത്ര പഠനം കൂടുതൽ രസകരവും പ്രവർത്തനാധിഷ്ഠിതവുമാക്കുക ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തുക. സാമൂഹിക ജീവിതത്തിൽ ശാസ്ത്രം പ്രയോജനപ്പെടുത്തുന്നതിനാവശ്യമായി പുതിയ ആശയങ്ങൾ രൂപീകരിക്കുക. പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനും പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾ CWSN കുട്ടികൾ എന്നിവരെ മഖ്യധാരയിലേക്ക് കൊണ്ടുവരിക. പഠനയാത്ര ലഘുപരീക്ഷണം. |
| | ഇംഗ്ലീഷ് - To acquire speaking skill and to write the language correctly to develop certain habits like english books reading and leads them to creativity. Improve reading, develop speaking skill. |
| | സോഷ്യൽ സയൻസ് - പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, ചരിത്രപരമായ മൂല്യബോധം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത |
| | ഹിന്ദി - ഹിന്ദി പഠന കാര്യക്ഷമത വർദ്ധിപ്പിക്കൽ, സുരീലി ഹിന്ദി, ഹിന്ദി അസംബ്ലി, ഹിന്ദി എഫ് എം റേഡിയോ |
| | ഫിസിക്കൽ എഡ്യൂക്കേഷൻ - 2024 - 2025 വർഷം സംസ്ഥാനതല മത്സരത്തിൽ കുട്ടികളെ പങ്കെടുപ്പിക്കൽ |
| | പ്രവർത്തി പരിചയം - കൃഷി പാചകം തയ്യൽ എന്നിവയിൽ പരിശീലനം നൽകുക. |
| | കലാവിദ്യാഭ്യാസം :- കുട്ടികളിൽ നിന്നും കലാ പ്രതിഭകളെ കണ്ടെത്തുക. മേക്ക് ഒരുക്കൽ. |
| | ഐ റ്റി - ഐ റ്റി സാദ്ധ്യതകൾ കണ്ടെത്തുക |
| | ജൈവവൈവിദ്ധ്യം - ജൈവവൈവിദ്ധ്യ പാർക്ക്, ശലഭോദ്യാനം |
| | ലഹരി വിരുദ്ധ അവബോധം - ലഹരി വിരുദ്ധ ബോധവൽക്കരണത്തിലൂടെ കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക. |
| | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ഉന്നമനം. |

| ലക്ഷ്യത്തിലെത്തുന്നതിനുള്ള പ്രയാസങ്ങൾ |
|---|
| മലയാളം - അടിസ്ഥനപരമായ അറിവിന്റെ ലഭ്യതക്കുറവ് പഠന പ്രവർത്തനങ്ങൾക്കുള്ള സമയ ദാർബല്യം, രക്ഷിതാക്കളുചെ പിൻതുണക്കുറവ്, സാംസ്ക്കാരിക, സാമൂഹിക, സാമ്പത്തികമായ പ്രദേശിക ഭേദം. |
| കണക്ക് - അടിസ്ഥാന ക്രിയാശേഷികളുടെ അഭാവം |
| ശാസ്ത്രം - ശാസ്ത്രം സാമൂഹിക ജീവിതത്തിന് സഹായകരമാകുന്നില്ല . നിത്യജീവിതത്തിന് പ്രയോജനപ്പെടാത്ത അവസ്ഥ. |
| ഇംഗ്ലീഷ് - Insufficient vocabulary and lack of knowledge in basic grammer, lack of time |
| സോഷ്യൽ സയൻസ് - അടിസ്ഥാനപരമായ അറിവിന്റെ ലഭ്യതക്കുറവ്. പഠന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ്, രക്ഷിതാക്കളുടെ പിൻതുണ ക്കുറവ്. |
| ഹിന്ദി - ഉച്ഛാരണശുദ്ധി ഇല്ലായ്മ അനായാസം എഴുതുവാനും വായിക്കുവാനും ഉള്ള പ്രയാസങ്ങൾ |
| ഫിസിക്കൽ എഡ്യൂക്കേഷൻ - മികച്ച പരിശീലനം ലഭിക്കാത്തത് |
| പ്രവർത്തി പരിചയം - സാമാന്യ പ്രവർത്തനങ്ങളിലെ പരിചയക്കുറവ് |
| കലാവിദ്യാഭ്യാസം - മികച്ച പ്രതിഭകളെ കണ്ടെത്താൻ സാധിക്കാത്തത് |
| ഐ റ്റി - ഐ റ്റി സാധ്യതകൾ പ്രയോജനപ്പെടുത്താൻ സാധിക്കാത്തത് |
| ജൈവവൈവിദ്ധ്യം - ജൈവവൈവിദ്ധ്യ പാർക്കില്ലാത്തത് |
| ലഹരി വിരുദ്ധ അവബോധം - ലഹരി വിരുദ്ധ കൗമാരം സാധ്യമാകാത്തത് |
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ഉന്നമനം - ഭിന്നശേഷിയുള്ള കുട്ടികൾ മുഖ്യധാരയിൽ എത്താത്തത്. |

B~n.[.boJx!Ò!bf.cngx

| f¡zx | \|^iº«]¥⁴ | Jnfx | avYpJx | Oqb.Yf |
|---|---|---|---|---|
| ankn.^.dbnc!^ouºn.~nlÅ!^do! mdo~/ | 2/!\|^p!tT¿w<br>3/!B¡dx!Ee.²o.~/<br>4/!BT.cngx!Ee.²o.~/<br>5/!B¡d!JnºVw]/J/<br>6/!in~q.J⁴!GhqYo!JnºVw<br>7/!in~q.J⁴!]oº·o.~qJ<br>8/!inJz.¥⁴!]oº·o.~qJ<br>9/!Oo\|Y!Ò!BTo.~q.eo²w<br>:/!Oo\|Yx!Ò!JZ!Ghq.Y/<br>21/!ankn.^.d.bn.co.^o.uºn~x!]o/~q.º.iº~w!\|^YzJ! nlw | 3!bnlx!)C.L.¿w-! tl^wYx.`º* | ^qlwY.J.¥⁴-!Oo. \|Y.¥⁴ | ^o!Ðo!G!-!B\zn.^.Jº |
| Jqo!boJ¦!inc.].~n.d]n~qJ | 2/! nlw!inc.].~nOx!dr^p.J.do.~/<br>3/!!lw~r⁴!ttf\|`eo!]ip.J.do.~/<br>4/!!lbp^!\|LÆ.jnf!BxLY{x<br>5/!!ic.u]n…ix!lxM.To.²o.~/<br>6/!!^\|Y.in.c]<br>7/!!^qlwYJ!Oº¦<br>8/!!ic.]n.]qaix<br>9/!!ic.]n.~q.eo²w!^Yo²w<br>:/!io[zn.dxLx!Jfn.l.mo.Yz.ui[o!\|^iº«]x<br>21/!![o]n.O.dXx<br>22/!!lnmo.Yz.Jn.d.±n.dq.bn.cq¼!Bao.bqKx<br>23/!!C]q.Jn.foJ!\|^lo.Oo.J.d.X.¥gqx!!inc.]cqx<br>24/!!Cl{n.[.J.d.bnc!inc]<br>25/!!DvÒ!inc] | 7!bnlx! | nlw!ttf\|`.eo-! lw~r⁴!ttf\|`. eo-!^\|Y.¥⁴-! C]q.Jn.foJ! \|^lo.Oo.J.d.X. ¥⁴-!DÎºt].Ðw-! J¶zr.Oº | io[zn.dxLx!Onº Ðo!G!BxL.¥⁴-!^rº¹! io[znº¬o.J⁴ |

| | | | | |
|---|---|---|---|---|
| Jqotc!boJ¦!Ghq.«q.J.dnR! C~qJ | 2/!!Ghq.«q.JnO!dr^p.J.dXx<br>3/!!^qlwYJ!Oº¦<br>4/!inc.].~q.eo²w-!^Yo²w<br>5/!!ioio\!lnmo.Yz.jn.K.J⁴!^do.O.c.t².T/<br>6/!!Oqbº!^\|Yo.J-!^Yo²w!Y¹n.en.~/<br>7/!!lº¢!lskwT.J.gqtT!^qlwYJ!Y¹n.en.~/<br>8/!izÌo.LY!dO]!lxM.d.O]<br>9/!!ank!u\|^QJwTw<br>:/!lnmo.Yz.Jn.d.±n.dq.bn.cq¼!Bao.bqKx<br>21/!lnmo.YzÒ!lnxlw~n.doJ!Oo\|Y!Lznfeo | 7!bnlx! | ttf\|`eo!<br>^qlwYJ¥⁴-!<br>u_nun.J⁴-!<br>^qlwY.J.¥⁴! | |
| l[⁴ot]!BaobqKpJdo~nR!\|^n! ^wYdn~q!J | 2/!\|^lxL!^do.jp.f]!Jgdo<br>3/!!ioio\!iok.c.¥⁴!]/Jo!\|^lxLx!Y¹n.en.~qJ<br>4/!!boJ¦!\|^lx.L.¥.gqtT!InVoucn!ipVoucn!G°oi!uJ⁴²o.<br>~q.°q/<br>5/!!\|^lxLx!Bi.Y.do.²o.~q.°.Yo.]q¼!ui[o.J⁴!lÄ.bn.~Qj | 7!bnlx!)!Qrttf!nÒ!<br>Volx°º* | InVoucn-!<br>ipVoucn! | |

# മേഖല - ഹൈസ്ക്കൂൾ ഗണിതം

| ക്രമ. നം | പ്രശ്നം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൽ | ഒഷത്തിനൊഷം - മുന്നറിവ് പരിശോധന നടത്തി കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യആഴ്ച | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 2 | നിർമ്മിതികളിൽ ശേഷി കൈവരിക്കൽ | Instrument Box ന്റെ ലഭ്യത Workshop | തുടർപ്രവർത്തനങ്ങൾ | അധ്യാപകർ, മറ്റ് കുട്ടികൾ |
| 3 | ഗണിത ആശയങ്ങൾ നിത്യജീവിതത്തിൽ | പസിൽസ് ഗണിത പ്രശ്നങ്ങളുടെ അവതരണം, ബീജഗണിതത്തിന്റെ ഉപയോഗം | തുടർ പ്രവർത്തനങ്ങൾ | അധ്യാപകർ |
| 4 | ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | Maths club പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂലൈ - ആഗസ്റ്റ് | ഗണിത ക്ലബ്ബ് |
| 5 | ഗ്രൂപ്പ് തല പ്രവർത്തന ങ്ങൾ പരിചയപ്പെടൽ | ഗ്രൂപ്പ് പ്രവർത്തനങ്ങൾ - ഗണിത ആശയങ്ങളുടെ രൂപീകരണം. | തുടർ പ്രവർത്തനങ്ങൾ | അധ്യാപകർ |
| 6 | അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | Subject ........ - ൽ ആസൂത്രണം ചെയ്യുന്നപ്രവർത്തനങ്ങൾ | അക്കാദമിക വർഷം | അധ്യാപകർ |
| 7 | ഗണിതമേളകളിലെ പുതുമയേറിയ മത്സര ഇനങ്ങൾ തയ്യാറാക്കൽ | ഗണിത ക്ലബ്ബിലെ പ്രവർത്തന ആസൂത്രണം | അക്കാദമിക വർഷം തുടർ പ്രവർത്തനം | അധ്യാപകർ |

# ശാസ്ത്രം

**മേഖല - അക്കാദമികം, ഭൗതീകം, സാമൂഹികം**

| ക്രമ. നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്ക് സ് |
|---|---|---|---|---|---|---|
| 1 | കൗതുകം ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | Stem, Root എന്നിവയുടെ Cross section എടുത്തശേഷം Microscope ൽ കൂടി അതിന്റെ. വിവിധഭാഗങ്ങൾ തിരിച്ചറിയാൻ പരിശീലിക്കുന്നു. Microscope ന്റെ സഹായത്താൽ രക്ത കോശങ്ങൾ തിരിച്ചറിയാൻ പരിശീലിക്കുന്നു. ന്യൂറോൺ, മസ്തിഷ്ക്കം തുടങ്ങിയവയുടെ മോഡൽ നിർമ്മിക്കുവാൻ പരിശീലിപ്പിക്കുന്നു. | ജൂൺ 1 മുതൽ ഫെബ്രുവരി 28 വരെ | ജീവശാസ്ത്ര അധ്യാപിക | സയൻസ് ക്ലബ്ബ് | പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്ക് മോഡൽ നിർമ്മാണത്തിനു വേണ്ടുന്ന പിന്തുണ നൽകുന്നു. |
| 2 | ശാസ്ത്ര ലോകം ശാസ്ത്രവുമായി ബന്ധപ്പെ ട്ട് നിരന്തരം അന്വേഷണം നടത്താനും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുമുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുക ളിൽ ലഘു പ്രോജക്ട് കൊടുത്തു വിട്ട് മെച്ചപ്പെട്ടത് സ്ക്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. ശാസ്ത്രാ ഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി Stream VIP തുടങ്ങിയവയിൽ പങ്കെടുക്കുന്നു. കുട്ടികൾക്ക് പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം നടത്തുവാനുള്ള അവസരം കൊടുക്കുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | ജൂൺ 1 മുതൽ ഫെബ്രുവരി 28 വരെ | ജീവശാസ്ത്ര അധ്യാപിക | സയൻസ് ക്ലബ്ബ് | പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്ക് യോജിച്ച രീതിയിലുള്ള പഠനപ്രവർത്തനങ്ങൾ കൊടുക്കുന്നു. |
| 3 | ഹൈടെക് വേൾഡ് | ക്ലാസുകകളിൽ ശാസ്ത്ര മാസിക പ്രസിദ്ധീകരിക്കുന്നു. സയൻസ് ലാബ് ഐടി ലാബ് എന്നിവ കൂടുതൽ ഉപയോഗിക്കുവാനുള്ള അവസരം ഒരുക്കി കൊടുക്കുന്നു. | ജൂൺ 1 മുതൽ ഫെബ്രുവരി 28 വരെ | ജീവശാസ്ത്ര അധ്യാപിക | മാനേജ്മെന്റ് | ശാ സ്ത്ര മാസിക തയ്യാറാക്കുന്നതിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുക. |
| 4 | ആരോഗ്യം പരിസ്ഥി തി സൗഹൃദ മനോഭാവം വളർത്തുക | മഴക്കാല ശുചീകരണം മഴക്കാല രോഗങ്ങൾ തടയൽ മാലിന്യ സംസ്ക്കരണം. മരങ്ങൾ വെച്ചു പിടിപ്പിക്കൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ 1 മുതൽ ഫെബ്രുവരി 28 വരെ | ജീവശാസ്ത്ര അധ്യാപിക | | വിവിധ ക്ലബ്ബുകളിലെ |

# English

## പ്രവർത്തനം - വിശദാംശങ്ങൾ

ഉപമേഖല -ഇംഗ്ലീഷ്ഭാഷാ പഠനം - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വികസനം | 1. ഇംഗ്ലീഷിൽ തന്നെ ക്ലാസ് കൈകാര്യം ചെയ്യൽ<br>2. ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ- ഇംഗ്ലീഷ് ഡിബേറ്റ്, സെമിനാർ, പ്രസംഗം, തുടങ്ങിയവ സംഘടിപ്പിക്കൽ.<br>3. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസിനും ചുമതല.<br>4. ഇംഗ്ലീഷിൽ ഡയറി എഴുത്ത് ഓരോകുട്ടിക്കും. | എല്ലാ ക്ലാസും<br>ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക്<br>ആഴ്ചയിൽ ഒരു ദിവസം<br>എല്ലാ ദിവസവും - തുടർച്ച യായി | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 5. ഇംഗ്ലീഷ് കഥ, കവിത -രചനാ ക്യാമ്പ് | 3 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | 6. പാഠഭാഗങ്ങളെ വ്യത്യസ്തമായ രൂപങ്ങളിലേക്ക് മാറ്റി അവതരണം -സ്ക്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയവ | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ ക്ലബ് സെക്രട്ടറി | |
| | 7. ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപകർ | |
| | 8. ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊളളിക്കൽ- വായനാകുറിപ്പ് തയ്യാറാക്കൽ | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ | |

| മേഖല : ഹൈസ്ക്കൂൾ സാമൂഹ്യശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| പഠിതാക്കളെ ചരിത്രബോധം ഉള്ള വരാക്കുക, ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘ്ടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവ നുമായി നടത്തുന്നു നിശ്ച യിച്ച തീയതികൾ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ജനാധിപത്യം ഒരു ജീവിത ശൈലി യക്കി മാറ്റി എടുക്കുക പൗരബോ ധം, മൂല്യബോധം ഇവ വളർത്തുക | സ്ക്കൂൾ പാർലമെന്റ് മോക്ക് പാർലമോന്റ്, പൗര ബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.( പ്രകടന പത്രി ക, പ്രചാരണം, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ്) | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തിക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക | സാമൂഹ്യ പരിഷ്ക്കർത്താക്കളെക്കുറിച്ച് പതിപ്പ് തയ്യാറാക്കുന്നു. ചർച്ചകൾ സംഘോ്പിക്കുന്നു. | അക്കാദമിക വർഷം | സമൂഹ്യശാസ്ത്ര അധ്യാപകർ |
| ഭൂപടവായന കുട്ടികളിൽ വളർത്തിയ സ്ഥലനിർണ്ണയം നടത്തുവാൻ പഠി ക്കുക എന്ന ലക്ഷ്യംകൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾകുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ല്സ് മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവൻ | സമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷംമുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| വ്യത്യസ്ത ഇനം മണ്ണിനെകുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ,സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | വിവധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ചിക്കുന്നതിനും കണ്ടും കേച്ചും തൊട്ടറിഞ്ഞും പഠനം ഹരമാക്കിമാറ്റുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| സാമൂഹ്യ ശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനിര വായിക്കാനും ഉതകുന്ന രീതിയിൽ SS കോർണറിൽ ബുള്ളറ്റിൽ ബോർഡ് സ്ഥആപിക്കുകയും വിവരങ്ങൾ അപ്ഡോറ്റ് ചെയ്ത് ഒട്ടിക്കൽ | എല്ലാദിവസവും | SS ക്ലബ്ബ് |

## മേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രാഷ്ട്ര ഭാഷയോടുള്ള അഭി രുചി വർദ്ധിപ്പിക്കുന്നു | കഥ വായന, കവിത വായന, എന്നിവയ്ക്ക് അവ സരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർണയം കൈകാര്യം ചെയ്യാൻ പ്രാപ്താ രാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാ രന്മാരുടെ കഥകൾ നോവലുകൾ, സിനിമകൾഎ ന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. ഹിന്ദി തീയേറ്ററുകൾ സജ്ജീകരിക്കുക | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| വിവർത്തകർ, വാർത്ത വായന ക്കാർ, ജോർണലിസ്റ്റുകൾ തുടങ്ങി ജോലി സാധ്യത യ്ക്കായി കുട്ടികളെ പ്രാപ്താ രാക്കുക | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠ നയാത്രകൾസംഘടിപ്പിക്കുന്നു. | അക്കാദമികവർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമികവർഷം | ഹിന്ദി അധ്യാപകർ | പി റ്റി എ |

# ഫിസിക്കൽ എഡ്യൂക്കേഷൻ

| ലക്ഷ്യം | പ്രവർത്തനം /അക്കാദമികം | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 2020 - 2021 വർഷം ജില്ലാ സംസ്ഥാനതലത്തിൽ അത്‌ലറ്റിക്സ്, ഗയിംസ് എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കുക | മിഡി സമ്മർ വെക്കേഷനിൽ ആരോഗ്യം, അഭിരുചി, കായിക ശേഷി, പ്രതിഭ, സാഹചര്യം എന്നിവ പരിശോധിച്ച് മികവുള്ളവരെ കണ്ടെത്തി വെക്കേഷൻ കാലത്തുതന്നെ പരിശീലനം ആരംഭിക്കുക. അത്‌ലറ്റിക്സിൽ സ്പ്രിന്റ് ഇനമായ 100 മീറ്ററിലും ദീർഘദൂര ഇനങ്ങളിലും, ലോങ്ങ് ജംബ്, ഷോട്ട് പുട്ട് , ഡിസ്ക്കസ് ത്രോ, ഫുട്ബാൾ, ഹാന്റ് ബാൾ എന്നിവയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരിശീലനം നൽകുക. ഗ്രൗണ്ട് പരിശീലനത്തിനും മത്സരത്തിനും പ്രയോജനപ്പെടും വിധം സജ്ജമാക്കുക | 2 വർഷം | ഫസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ പ്രദേശിക അധ്യാപകർ | 1.50 ലക്ഷം | സ്പോർസ് കൗൺസിൽ പി റ്റി എ തദ്ദേശീയ സ്ഥാപനങ്ങൾ |
| മികച്ച പരിശീലന സ്ഥലം, കളി ഉപകരണങ്ങൾ | ഗയിംസിനും, പരിശീലനത്തിനും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക | | | | |
| ഡ്രിൽ ഷെഡ്, യോഗ സെന്റർ ഇവ ലഭ്യമാക്കുക | ഏതു കാലാവസ്ഥയിലും പരിശീലനം നടത്താൻ സാധ്യമായ ഡ്രിൽ ഷെഡ്, യോഗ സെന്റർ എന്നിവ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി തയ്യാറാക്കുക | 1 വർഷം | പി റ്റി എ | 3 ലക്ഷം | സർക്കാർ സഹായം |

## മേഖല : പ്രവർത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം /അക്കാദമികം | കാലം | ചുമതല | ഏജൻസി | സാമ്പത്തികം |
|---|---|---|---|---|---|
| പ്രവൃത്തി പരിചയത്തിൽ 5 മേഖലകളാണ് ഉള്ളത് കൃഷി, പാചകം, തയ്യൽ, ഫാബ്രിക്ക് പെയിന്റിംങ്, ഒറിഗാമി കൃഷി വിഷവിമുക്തമായ പച്ചക്കറി കൃഷി, ഔഷധ സസ്യങ്ങൾ നടീൽ എന്നിവയിൽ കുട്ടികൾ പ്രവീണ്യം നേടുക. പാചകം ഭക്ഷണപദാർത്ഥങ്ങൾ സ്വയം ഉണ്ടാക്കുവാനുള്ള  കഴിവ് നേടുക.<br>തയ്യൽ : കുട്ടികൾ സ്വയം വസ്ത്രം തയ്ച്ച് ഇടുവാൻ പരിശീലനം നേടുക ഒറിഗാമി വിശ്രമവേളകളിൽ പേപ്പർ വർക്ക് ചെയ്യുക | ഔഷധ സസ്യങ്ങളെ കുറിച്ച് അറിവ് പകർന്ന് കൊടുക്കുന്ന വസ്ത്ര നിർമ്മാണം പരിശീലിപ്പിക്കുന്നു. പേപ്പർ പൂവ് നിർമ്മിക്കുവാൻ പഠിപ്പിക്കുന്നു. വസ്ത്രങ്ങളിലും അലങ്കാര വസ്തുക്കളിലും മോടികൂട്ടാനായി എംബ്രോയ്ഡറി പരിശീലിപ്പിക്കുന്നു.. | വർഷം | ടീച്ചർ | രക്ഷിതാക്കളിൽ നിന്ന് ഓരോ കുട്ടിക്കും വിഷയം പഠിക്കാനുള്ള പ്രോത്സാഹനം കിട്ടേണ്ടതാണ്. | പി റ്റി എ ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം കിട്ടിയാൽ പ്രവർത്തനം കൂടുതൽ പ്രാവർത്തികമാക്കാൻ കഴിയും |

## ആർട്ട്സ്

| | | | | | |
|---|---|---|---|---|---|
| കുട്ടികളിൽ കാലാഭിരുചി ഉണ്ടാക്കിയെടുക്കുക പ്രതിഭകളെ കണ്ടെത്തുക | കലാപ്രവർത്തനങ്ങളിൽ താത്പര്യമുള്ള കുട്ടികൾക്ക് സ്ക്കൂൾ തലത്തിലും സബ്ജില്ലാതലത്തിലും സ്റ്റേറ്റിലും വരെ എത്തുവാൻ സാധിക്കണം. മാപ്പിളപ്പാട്ട് ചെണ്ടമേളം കോലുകളി, തിരുവാതിര, നാടൻപാട്ട്, അറബനമുട്ട് ഇവയിലെല്ലാം കുട്ടികൾക്ക് മികച്ച പ്രകടനങ്ങൾ കാഴ്ച വെയ്ക്കാൻ കഴിയണം. | നിരന്തരമായുള്ള പരിശീലനം കുട്ടികൾക്ക് ആവശ്യമാണ് | പി റ്റി എ ടീച്ചർ | | |

# ഐ സി റ്റി

| ലക്ഷ്യം | പ്രവർത്തനം / അക്കാദമികം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ വിഷയങ്ങളുമായിബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ചാ രീതിയിൽ കഈറ സഹായത്തോടെ പൂർത്തീകിരക്കാൻ സധ്യാപകരെ പ്രാപ്തരാക്കുക | സ്ക്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക. ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെ.യറുകൾ കഈറ ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി റ്റി എ |
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | കഈറ പഠനവിഭവങ്ങൾ സ്ക്കൂൾ തലത്തിൽ തയ്യാറാക്കുക. ഇതിനായി സ്ക്കൂൾ തലത്തിൽ കഈറ ശില്പശാലകൾ സംഘടിപ്പിക്കുക | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി റ്റി എ |
| പഠനപ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക | ഹ്രസ്വ ചലച്ചിത്രനിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതു വഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം ( | ഐ റ്റി ക്ലബ്ബ് |
| ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ ന്യൂതനമാക്കുന്നതോടൊഷം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെ ക്കുറിച്ച് വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ളബോധവൽക്കരണം മാറിമാറി വരുന്ന സാങ്അകേതിക വിദ്യകളെ ക്കുറിച്ച് ഓരോ കാലഘട്ടത്തലും രക്ഷിതാക്കളേയും വിദ്യാർത്ഥികളേയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസ്സുകൾ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | സൈബർസെൽ, ചൈൽഡ് ലൈൻ | |

| | | | |
|---|---|---|---|
| നിത്യജീവിതത്തിൽസ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗംപ്രചാരത്തിലാക്കുക | സ്വതന്ത്ര സോഫ്റ്റ് വെയറുകളുചെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ റ്റി അധ്യാപകർ |
| സ്മാർട്ട് ക്ലാസ്റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ഉപയോഗിച്ച്കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ റ്റി അധ്യാപകർ |

## മേഖല : ജൈവവൈവിദ്ധ്യം

| ലക്ഷ്യം | പ്രവർത്തനം/അക്കാദമികം | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| പ്രകൃതിയുമായി ഇണങ്ങി ചേർന്നുള്ള പഠനം | ജൈവവൈവിദ്ധ്യപാർക്ക് നിർമ്മാണം | 1 വർഷം | ഇക്കോ ക്ലബ്ബ്, കാർഷിക ക്ലബ്ബ് | പി റ്റി എ | സന്നദ്ധസംഘടനകളും വിദ്യാർത്ഥികളും അദ്ധ്യാപകരും |
| വനവൽക്കരണം | അമൃതം അതിജീവനം ഔഷധത്തോട്ടം നക്ഷത്രവനം എന്റെ മരം, ശലഭോദ്യാനംആവാസവ്യവസ്ഥ രൂപപ്പെടുത്തൽ | 1 വർഷം | ഫോറസ്ട്രി, പരിസ്ഥിതി ക്ലബ്ബ് | പി റ്റി എ | ഫോറസ്ട്രി ക്ലബ്ബ് |

## മേഖല : ലഹരി വിരുദ്ധ അവബോധം

| ലക്ഷ്യം | പ്രവർത്തനം/അക്കാദമികം | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| ലഹരി വിരുദ്ധ അവബോധം | ബോധവൽക്കരണ ക്ലാസ്സുകൾ, ഫിലിം ഷോകൾ, പോസ്റ്റർ രചന, റാലികൾ, കാർട്ടൂൺ, ഉപന്യാസം, ഫീൽഡ് ട്രിപ്പ്, യോഗാക്ലാസ്സ് സംഘടിപ്പിക്കൽ | 1 വർഷം | പി റ്റി എ ലഹരി വിരുദ്ധ ക്ലബ്ബ് എക്സൈസ് പോലീസ് സന്നദ്ധസംഘടനകൾ | പി റ്റി എ | ഗവൺമെന്റ് |
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ഉന്നമനം | | | | | |
| ഭിന്നശേഷിക്കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക | 1. ബോധവത്കരണ ക്ലാസ്സുകൾ, മാതാപിതാക്കൾ സഹപാഠികൾ, കമ്യൂണിറ്റി<br>2. പ്രത്യേക പരിശീലനവും റെമഡിയൽ ടീച്ചിംഗ്<br>3.അനുരൂപീകരണപ്രവർത്തനം പാഠ്യപദ്ധതി, പാഠ്യേതര പ്രവർത്തനം<br>4. തൊഴിലധിഷ്ഠിത പരിശീലനം | ക്ലാസ്സ് (08-12) 5 വർഷം | റിസോഴ്സ് ടീച്ചർ, പി റ്റി എ, ചങ്ങാതിക്കൂട്ടം, ക്ലബ്ബ്, റിസോഴ്സ് ടീച്ചർ, കായികാധ്യാപകൻ, റിസോഴ്സ് ടീച്ചർ, ക്ലാസ്സ് ടീച്ചർ, കലാധ്യാപിക | പി റ്റി എ, ആർ എം എസ് എ, എസ് എസ് എ രൂപ 50000/- (1000/- (പ്രതി വർഷം) | ആർ എം എസ് എ, എസ് എസ് എ |